
അക്ഷരപ്പീലി
little
KITEs
എ ജെ ജെ എം ഗവ. ജി എച്ച് എസ് എസ്
തലയോലപ്പറമ്പ്



## ആദർശ രാഷ്ട്രീയത്തിന്റെ പിതാവായ എ ജെ ജോൺ സാറിന് ആദരം..

# സന്ദേശം

ബഹുമാന്യരേ,

നമ്മുടെ സ്കൂളിൽ ഈ വർഷവും ഓൺലൈൻ മാഗസിൻ തയ്യാറാക്കുന്നു എന്നത് വളരെ അഭിമാനകരമാണ്. പൊതുവിദ്യാഭ്യാസ രംഗത്ത് മികവാർന്ന പ്രവർത്തനങ്ങൾ ഒരുക്കിക്കൊണ്ട് കുട്ടികളുടെ സർഗവാസനകളെ പ്രകടിപ്പിക്കുവാനും പ്രോത്സാഹിപ്പിക്കാനും നമ്മുടെ സ്കൂൾ കാണിക്കുന്ന താല്പര്യം പ്രശംസനീയമാണ്. യഥാർത്ഥത്തിൽ കുട്ടികളുടെ സൃഷ്ടികൾ പ്രസിദ്ധീകരിക്കുന്നു എന്നുമാത്രമല്ല, അതുമായി ബന്ധപ്പെട്ട ടൈപ്പിങ്,എഡിറ്റിംഗ്,ഓൺലൈൻ പബ്ലിഷിങ് തുടങ്ങി നവസാങ്കേതിക വിദ്യയുടെ നിരവധി കാര്യങ്ങളിൽ കുട്ടികൾക്ക് പ്രാവീണ്യവും ലഭിക്കുന്നു. ഈ ഉദ്യമത്തിന് നേതൃത്വം കൊടുക്കുന്ന അധ്യാപകർക്ക് പി റ്റി എ എല്ലാവിധ ആശംസകളും നേരുന്നു.ഓൺലൈൻ മാഗസിൻ മികവാർന്നതും മറ്റുള്ളവർക്ക് മാതൃകയാവുന്നതും ആവട്ടെ...

**എം എസ് തിരുമേനി**



**(പി റ്റി എ പ്രസിഡന്റ്)**

# സന്ദേശം

അക്ഷരത്താളുകൾക്കിടയിൽ ഒളിപ്പിച്ച വച്ച മയിൽപ്പീലി എന്നും കൗതുകം വിടർത്തുന്ന ഒന്നായിരുന്നു. ആ കൗതുകം അക്ഷരങ്ങളിലേക്ക് പടർന്നു കയറി, അക്ഷരപ്പീലിയായി കൺമുന്നിൽ നൃത്തം വയ്ക്കുമ്പോൾ അയത്നലളിതമായ ആ നടനചാരുത നുകരുവാൻ ആരാണ് കൊതിക്കാത്തത്. അക്ഷരങ്ങളിലൂടെയും വരകളിലൂടെയും അക്ഷരപ്പീലി സമൃദ്ധമാകുമ്പോൾ ചുക്കാൻ പിടിച്ച, ഭാഗഭാക്കായ എല്ലാ കുഞ്ഞി കുഞ്ഞി വിരൽത്തുമ്പുകളും ത്രസിച്ചുല്ലസിക്കുന്നുണ്ടാവും.

ത്രസിക്കട്ടെ......
ആ വിരൽത്തുമ്പുകളിലൂടെ വിരിയപ്പെടട്ടെ മാരിവില്ലിൻ മായാവസന്തങ്ങൾ......

**ഏറെ ഇഷ്ടത്തോടെ**
**അശോക് കുമാർ**
**പ്രിൻസിപ്പാൾ**



# സന്ദേശം

സർക്കാർ തലത്തിൽ Little Kites രൂപീകരിക്കുന്നത് കുട്ടികളിൽ വിവര വിനിമയ സാങ്കേതിക രംഗത്ത് അഭിരുചി വളർത്തുക എന്ന ലക്ഷ്യത്തോടെയാണ്. പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി എല്ലാ സ്കൂളുകളും ഹൈടെക് ആയി. ഓരോ ക്ലാസ്സ് മുറികളിലും ലാപ് ടോപ്പും പ്രൊജക്റ്ററും അനുബന്ധ ഉപകരണങ്ങളും ലഭ്യമായി. ഇവയുടെ പ്രവർത്തനം സുഗമമാക്കുന്നതിനായി അധ്യാപകരെ സഹായിക്കാൻ Little Kites സദാ കൂടെയുണ്ട്. കുട്ടികളിലെ സർഗാത്മകത പരിപോഷിപ്പിക്കുന്നതിനായി തയ്യാറാക്കുന്ന "അക്ഷരപ്പീലി" എന്ന ഡിജിറ്റൽ മാഗസീൻ Little Kites ന്റെ നേതൃത്വത്തിൽ പ്രസിദ്ധീകരിക്കപ്പെടുകയാണ്. ഇപ്പോൾ കുട്ടികൾ ഏറ്റവും കൂടുതലായി ഉപയോഗിക്കുന്നത് വാട്ട്സ് ആപ്പ്, ഫേസ് ബുക്ക് തുടങ്ങിയ വയാണ്. അതുകൊണ്ടു തന്നെ കുട്ടികളുടെ രചനകൾ ഇത്തരം മീഡിയയിലൂടെ അവതരിപ്പിക്കുന്നത് വലിയൊരു സാധ്യതയാണ്. ഈ കൂട്ടായ ഉദ്യമത്തിന് എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

**വിജയകുമാരി വി.വി.**

**ഹെഡ്മിസ്ട്രസ്**



# EDITORIAL

വാക്കുകൾ പീലികൾ ആണ് അവ വർണ്ണ വിസ്മയം തീർക്കുന്നു ... വാക്കുകൾ കൊണ്ട് വിസ്മയങ്ങൾ തീർക്കുകയാണ് ഇവിടെ.... കോവിഡ് മഹാവ്യാധികൾ ഞങ്ങളുടെ സർഗ്ഗാത്മകതയെ തളർത്താൻ ഞങ്ങൾ അനുവദിച്ചില്ല.. പറക്കം എന്ന സ്കൂൾ യൂട്യൂബ് ചാനൽ ആരംഭിക്കുകയും ഞങ്ങളുടെ വാട്സാപ്പ് ഗ്രൂപ്പുകൾ സർഗാത്മകമാക്കുകയും ചെയ്തു കൊണ്ട് വൈവിധ്യമായ വേദികൾ ഞങ്ങൾക്ക് മുന്നിൽ ഒരുങ്ങി നിന്നു . വായനയുടെ പുതിയ പൂക്കാലം... ഭാവനയുടെ ചിറകുകളിൽ ഏറി പറക്കാനും അക്ഷരങ്ങൾ കൊണ്ട് പൂക്കളം തീർക്കാനും ഞങ്ങൾ പഠിച്ചു...

ഞങ്ങൾ അക്ഷരപ്പീലികൾ വിടർത്തുകയാണ് ഇവിടെ. സ്വപ്നങ്ങൾ പങ്കുവയ്ക്കുകയാണ്...സ്നേഹവും കരുതലും പ്രതീക്ഷകളും നിറയുന്ന അതിജീവനത്തിന്റെ വർണ്ണപ്പീലികൾവിടർത്തുകയാണ്... കഥകളും കവിതകളും ചിത്രങ്ങളും അനുഭവങ്ങളുമായി .. അവർക്കൊപ്പം അധ്യാപകരും ചേരട്ടെ....
നമുക്കാസ്വദിക്കാം ഈ അക്ഷരനൃത്തം.



ടീസാ സെബാസ്റ്റ്യൻ

കൈറ്റ് മിസ്ട്രസ്



# ഉള്ളടക്കം

## *WORK OF HEARTS*

Being Underwater......................................................10
Can we meet someday..................................................11

**അനുഭവക്കുറിപ്പുകൾ**

എ ജെ ജോണിൽ നിന്ന് ഡൽഹി യൂണിവേഴ്സിറ്റിയിലേക്ക്........12

നീ എൻ പ്രണയിനി..............................................................17

अकेला.......................................................................18

Waiting For You To Come Back.........................................19

लॉक डॉउन और ऑन लाइन शिक्षा .. लाभ और हानि.......................20

**Lost and Found**.................................................**22**

**Sri Lanka: A Country Beset by Economic Breakdown - A Review of Factors That Played Against**...................**24**

**ഗർവ്വം**..............................................................**28**

**എന്റെ "മാംഗോ മെഡോസ്" യാത്ര**...................................**29**

**മഹാപ്രളയം**.........................................................**32**

**ഞാനും എന്റെ പ്രിയപ്പെട്ട സ്കൂളും**..............................**34**

**നിലപാട് വ്യക്തമാക്കുക**...............................................**36**

**വരകളുടെ ലോകത്തിലേക്ക്**..........................................**37**

**പറക്കുന്ന അക്ഷരക്കൂട്ടം**.............................................**42**

**വരയുടെ പൊലിമയും വാക്കിന്റെ പെരുമയും**.............................**43**

**I Returned To The River Today**.....................................**47**
**The though of a nest**....................................................**48**
**She**..............................................................................**49**

**We Leave Places Behind...............................................50**
**അമ്മ..........................................................................51**
**PRIDE OF A J JOHN................................................52**
**പ്രചോദനമാകുന്ന പ്രതിഭകൾ......................................56**
**SCHOOL ACTIVITIES...............................................59**

# WORK OF HEARTS

## BEING UNDERWATER

Dark lights
Big, small creatures
Clear water
It seems like another world .
Blue sky
Blue ocean
Both are shining brightly .
I am going deep
There is no end
I can feel the wave,
I can hear the sound of the ocean,
I don't want to go out
I take rest on the surface
I knew that when i will touch the surface,the silence will break.



By Parvathy S Pillai
8 B

## CAN WE MEET SOMEDAY

A hopeful day has started again,
waiting for one, to see
Will the waiting pay off?
don't know.

1. Supporting and loving one from far,
Expecting, we will meet someday .
A day of desire has come to an end,
saying 'bye' to it
And 'hi' to a new one.



Sreya S
8B



# അനുഭവക്കുറിപ്പുകൾ

## *എ ജെ ജോണിൽ നിന്ന് ഡൽഹി യൂണിവേഴ്സിറ്റിയിലേക്ക്*

പലരും പല മോഹങ്ങളുമായാണ് ഡൽഹി യൂണിവേഴ്സിറ്റിയിൽ പഠിക്കാൻ വരുന്നത്. ഡൽഹി യൂണിവേഴ്സിറ്റിയിലെ നമ്പർ വൺ കോളേജായ *മിറാൻഡ ഹൗസ്* കോളജിൽ പഠിക്കാൻ കഴിയുന്നത് ഞങ്ങളുടെ അഞ്ചുപേരുടെയും ഭാഗ്യമാണ്.

ഇന്ത്യൻ ചരിത്രത്തിൽ ചേർക്കപ്പെട്ട മുൻ രാജ്യസഭാ മെമ്പർ ബൃന്ദ കാരാഠ്, മുൻ ഡൽഹി മുഖ്യമന്ത്രി ഷീല ദീക്ഷിത്, ഇന്ത്യൻ നോവലിസ്റ്റ് അനിതാ ദേശായ്, ഇന്ത്യൻ കഥക് ഡാൻസർ ശോവന നാരായൺ, അഭിനേത്രി മൗനി റോയ് എന്നീ പ്രതിഭകൾ ഈ വനിതാ കലാലയത്തിന്റെ സമ്പത്താണ്.

ഫെബ്രുവരി പകുതിയോടെയാണ് ഡൽഹിയിൽ എത്തിയതെങ്കിലും ഇവിടുത്തെ കാലാവസ്ഥയുമായി കേരളത്തിൽ നിന്നും വന്ന ഞങ്ങൾക്ക് പൊരുത്തപ്പെടാൻ ബുദ്ധിമുട്ടുണ്ടായിരുന്നു. നല്ല തണുപ്പുള്ള കാലാവസ്ഥയായിരുന്നു. എന്നാലും രാവിലെ എഴുന്നേറ്റ് കോളജിൽ പോകുക എന്നത് ഞങ്ങൾക്ക് എന്നും സന്തോഷമുള്ള ഒരു കാര്യമാണ്. അതിനു കോളേജിൻ്റെ അതിമനോഹരമായ അന്തരീക്ഷത്തിനും വലിയൊരുപങ്കുണ്ട്.

മറ്റൊരുകാര്യം ക്ലാസ്സിൽ ഒപ്പമിരിക്കുന്ന കുട്ടികളാണ്. പല സംസ്ഥാനങ്ങളിൽനിന്ന് പല ഭാഷയും പല സംസ്കാരവുമായി എത്തുന്നവർ. അവരുടെ നാട്ടിലെ കഥകൾ നമ്മളിൽ കൗതുകമുണർത്തുന്നതാണ്.

ഞാനും ശ്രീലക്ഷ്മിയും B.Sc.Mathematics(Honours) , അനുമോൾ, സ്നേഹ,ദേവിക എന്നിവർ B.Sc.Chemistry(Honours) ആണ് എടുത്തിരിക്കുന്നത്. മറ്റ് യൂണിവേഴ്സിറ്റികളിൽ നിന്നും വ്യത്യസ്തമായി ഡൽഹി യൂ ണിവേഴ്സിറ്റിയിൽ നമുക്ക് സയൻസ് വിഷയങ്ങളോടൊപ്പം ഹ്യൂമാനിറ്റീസ് വിഷയങ്ങളും പഠിക്കാം . ഓരോ വിദ്യാർഥിനിയേയും തൻ്റെ സ്വന്തം വിഷയത്തിൻ്റെ ചുറ്റമതിലിനപ്പുറത്തേക്ക് ചിന്തിക്കാൻ അത് പ്രാപ്തമാക്കുന്നു. പ്രാക്ടിക്കൽ വിഷയങ്ങൾക്കായി എല്ലാ സൗകര്യങ്ങളും കൂടിയ വിശാലമായ ലബോറട്ടറി നമ്മളെ പഠനവിഷയങ്ങളുമയി കൂടുതൽ അടുപ്പിക്കുന്നു.വിശാലമായ ലൈബ്രറി മറ്റൊരു ആകർഷണീയതയാണ്. പഠനസംബന്ധമായ ഏതു വിഷയത്തിന്റെയും സംശയ നിവാരണത്തിനാവശ്യമായ പുസ്തകങ്ങളാൽ

സമ്പന്നമാണ് കോളേജ് ലൈബ്രറി.

ഓരോ വിദ്യാർഥിനിയും കാത്തിരിക്കുന്ന ദിവസങ്ങളാണ് കോളേജ് ഫെസ്റ്റ് ദിനങ്ങൾ. ഈ വർഷത്തെ ഫെസ്റ്റ് ആയ "TEMPEST'22" ഏപ്രിൽ മാസത്തിലായിരുന്നു. രണ്ടാഴ്ചയോളം നീണ്ടുനിൽക്കുന്ന ഒരു ഉത്സവം തന്നെ ആയിരുന്നു അത് . ഓരോ ദിവസവും ഓരോ ഡിപ്പാർട്ട്മെൻ്റിൻ്റെ ഫെസ്റ്റ് ആയതുകൊണ്ട് അന്നന്നത്തെ കാഴ്ചകളും പരിപാടികളും വിൽപ്പനവസ്തുക്കളും ഭക്ഷണവിഭവങ്ങളും വസ്ത്രധാരണവുമെല്ലാം ഒന്നിനൊന്നു വ്യത്യസ്തമായിരിക്കും. ഫെസ്റ്റുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും കൈകാര്യം ചെയ്യുന്നത് വിദ്യാർത്ഥിനികൾ തന്നെയാണ്. TEMPEST- ന്റെ അവസാന രണ്ടു ദിവസവും നിശാപാർട്ടിയുണ്ടായിരുന്നു. അദ്ധ്യാപകരുടേയും വിദ്യാർത്ഥിനികളുടേയും ആനന്ദനൃത്ത ചുവടുകളോടുകൂടി ഈ വർഷത്തെ കോളേജ് ഫെസ്റ്റിന് സന്തോഷകരമായ സമാപനമായി.

ആദ്യ നാളുകളിൽ ഞാനും സ്നേഹയും അനുമോളും ദേവികയും ഒരുമിച്ച് ഒരേ PG യിലും ശ്രീലക്ഷ്മി മറ്റൊരു PG യിലും ആയിരുന്നു താമസം. വീട്ടിൽ നിന്ന് മാറി ഇത്രദൂരം ഒറ്റക്ക് താമസം ഞങ്ങളെല്ലാം ആദ്യമായിട്ടാണ്. അതിൻ്റേതായ വിഷമം ഞങ്ങൾക്കെല്ലാം തന്നെയുണ്ടായിരുന്നു. പിന്നെപ്പിന്നെ അതുമായി ഞങ്ങൾ പൊരുത്തപ്പെട്ടു എന്നു തന്നെ പറയണം. പിന്നെ ഭക്ഷണം, അതു ഞങ്ങൾ നല്ലോണം തന്നെ ശ്രമിച്ചു ഒന്നടുക്കാൻ.

കോളേജ് ഹോസ്റ്റലിലാണ് ഞാൻ ഇപ്പൊൾ താമസം. അന്നു PG യിൽ ഞങ്ങൾ ഒന്നിച്ചുണ്ടായിരുന്ന നാളുകൾ ഞാൻ മിസ്സ് ചെയ്യുന്നുണ്ടെങ്കിലും

ഹോസ്റ്റൽ ജീവിതത്തോട് ഞാൻ പൊരുത്തപ്പെട്ടുകഴിഞ്ഞു. എന്റെ റൂംമേറ്റ് ജ്യോതിക റുലാനിയ രാജസ്ഥാൻ സ്വദേശിയായ കുട്ടിയാണ്. ഞങ്ങളുടെ കൂടുതൽ സംഭാഷണങ്ങളും സ്വന്തം നാടുകളെപ്പറ്റിയുള്ള വിവിധകാര്യങ്ങൾ പങ്കുവെക്കലാണ്. മറ്റു നാട്ടിൽനിന്നുള്ള ഒരു കുട്ടിയുമായി ഒരുമിച്ച് ഒരേ മുറിയിൽ കഴിയുന്നത് ഒരനുഭവം തന്നെയാണ്.

മൂന്നു വർഷം ഇവിടെ പഠിച്ചിറങ്ങുമ്പോൾ ഒരു പിടി, അല്ല, അതിലധികം ഓർമ്മകളുമായിട്ടാവും ഞങ്ങൾ നാട്ടിലേക്ക് മടങ്ങുന്നത്.... പല സംശയങ്ങളും ചോദ്യങ്ങളുമെല്ലാം ഉള്ളിലുണ്ടെങ്കിലും അതിനെല്ലാം ഉത്തരങ്ങൾ കണ്ടെത്തി പുതിയ, മെച്ചപ്പെട്ട വ്യക്തിത്വങ്ങളായിട്ടാകും നാട്ടിലേക്കുള്ള മടക്കം.......

***തയ്യാറാക്കിയത്***


***മേധാ ലക്ഷ്മി***

***ഒപ്പം***

*** അനുമോൾ പി**

*** ദേവിക കെ എസ്**

***സ്നേഹ എലിസബത്ത് ശ്രീലക്ഷ്മി ആർ**


RASAYANIKA
THE
DEPARTMENT
OF
CHEMISTRY







## നീ എൻ പ്രണയിനി

എന്നോ, എപ്പഴോ മനസ്സിൽ നിന്നും മായാതെ നീ,
നീ എൻ പ്രണയിനി

നിന്നെ കണ്ടതും ആ കണ്ണുകളിലേക്ക് നോക്കി ഞാൻ
എന്നോടുള്ള പ്രണയത്തെ പറ്റി,
കണ്ണുകൾ ചിമ്മി നീ എങ്ങോട്ടോ.......
ഞാൻ ഭയന്നു.
അറിയാതെ പോകുന്നുവോ നീ ഈ ഊമയുടെ പ്രണയത്തെ.

Roshni Rajeev
8 B

# अकेला

अकेलेपन के गलियारे है
लबी अँधेरी गालिया
परिजन सब चले गए
में भी आधा छिपा हुआ चेहरा

यहा तक कि जब सब कुछ
खत्म हो गया लगा रहा था,
मेने अपने मन को सीधी
रोशनी में भर दिया

आशा के रथ में मेरे
सपने वहा था
मेने ऐसी कहानियां सुनी
जिन्होंने दुनिया को जीत लिया

माना कि एक दिन रोशबी आएगी
गेन अपने दिमाग को
कस कर पकड़ रखा था

बदलते बादल ने मुझे
ठंडा कर दिया
समय बीत गया और
अच्छे दिन आ गए

नई उम्मीद नए कपडे रखना
बच्चा ने आकर घंटी बजाई
मुझमें उम्मीद जगी कि मे
अकेला नहीं था |



By Alfidha. P. S (  8 B)

# Waiting For You To Come Back

l'm bide yours time
with calmly,
with painly,
for you.
To me worst part of my life while,
you feel finest part as worth wait
I'm bide yours time
with strong hopes,
with faith trust
by knows why I waits you
you not.
It happens unexpectedly
no matter for it
no hours end for it .
It was exam of you,
I will pass for you



Ansalna Fahima
9 C



## लॉक डॉउन और ऑन लाइन शिक्षा .. लाभ और हानि

दुनिया का सबसे खतरनाक वायरस यानि कोरोना वायरस की वजह से जब पूरे विश्व में लॉकडाउन हुआ था, तभी से यह शब्द यानि ऑनलाइन शिक्षा काफी चर्चा में था। क्योकि लॉकडाउन के कारण छात्र स्कूल नहीं जा पा रहे थे। इसलिए पूरी दुनिया के छात्रो को अपने-अपने घरों में बैठकर ऑनलाइन शिक्षा दी जाती थी। हमारे भारत देश में भी छात्रों को ऑनलाइन शिक्षा दी गई थी

ऑनलाइन शिक्षा को साधारण भाषा में समझे, तो जब एक विद्यार्थी अपने घर पर बैठकर किसी भी इलेक्ट्रॉनिक उपकरण जैसे स्मार्टफोन, टैबलेट, कंप्यूटर और लैपटॉप द्वारा शिक्षा प्राप्त करे उसे ही ऑनलाइन शिक्षा कहते है। कई लोग ऑनलाइन शिक्षा को आधुनिक शिक्षा भी कहते है। क्योकि इसमें छात्र को शिक्षा प्राप्त करने के लिए घर से निकलने की कोई जरूरत नहीं होती। वह इंटरनेट और स्मार्टफोन द्वारा अपने घर से ही शिक्षा प्राप्त कर सकता है।

ऑनलाइन शिक्षा के लाभ : -

ऑनलाइन शिक्षा का सबसे पहला लाभ यह हुआ कि इससे छात्रों और शिक्षकों के समय और पैसो की काफी बचत हुई। क्योकि यह शिक्षा घर बैठकर ली जाती थी,

जिसके कारण छात्रों और शिक्षकों को शिक्षण संस्थानों में जाने की कोई जरूरत नहीं होती थी। जिससे उनका काफी समय बच जाता था। और शिक्षण संस्थानों में जाने-आने का और बाहर खाने का खर्च भी बच जाता था।
इसके अलावा छात्रों को दिये जाने वाले ऑनलाइन क्लास रिकॉर्ड होते है। जिसके कारण अगर कभी छात्र का क्लास छूट जाए तो उस रिकॉर्ड क्लास को देखकर भी शिक्षा प्राप्त कर सकता है। उसके साथ-साथ अगर किसी छात्र को ऑनलाइन क्लास के दौरान किसी विषय समझ में नहीं आता, तो वह दुबारा रिकॉर्डिंग क्लास को सुनकर अपनी शंका और दुविधा को दूर कर सकता है।
एक शिक्षक ऑनलाइन शिक्षा से अपने घर बैठकर दुनिया के किसी भी कोने में बैठे अपने छात्र को सर्वश्रेष्ठ शिक्षा दे सकता है। और छात्र भी दुनिया के किसी भी कोने में बैठे अपने मनपसंद शिक्षक से शिक्षा प्राप्त कर सकता है।

ऑनलाइन शिक्षा की हानि :

ऑनलाइन शिक्षा की पहली हानी यह है कि, छात्रों को कई घंटो तक मोबाइल या लैपटॉप के सामने बैठना पड़ता है। जिसकी वजह से उनकी आंखों और स्वास्थ्य पर बहुत ही बुरा प्रभाव पड़ता है।

इसके अलावा ऑनलाइन शिक्षा से एक नुकसान यह भी होता है कि, उनको शिक्षा का माहौल नहीं मिलता। क्योकि ऑनलाइन शिक्षा में अक्सर यह देखा गया है कि छात्र आपस में संपर्क नहीं कर पाते। जिससे उनके बीच प्रतिस्पर्धा का माहौल नहीं होता। प्रतिस्पर्धी माहौल ना होने के कारण छात्र धीरे-धीरे शिक्षा से ऊबने लगते है।



डॉ . राजीमोल सी.आर
ഹൈസ്കൂൾ വിഭാഗം(ഹിന്ദി)

# Lost and Found

Once there was a girl named Sarah. She had a best friend named Katie. They were best friends since childhood. They laugh together, cry together and eat together. Sometimes Sarah even got bullied at school and Katie would always help her get rid of the bullies. Sarah's family wasn't financially doing fine and for the sake of their financial status and far her parent's better job Sarah had to move to another city along with her parents. Sarah was very sad no just because she had to leave her home town but also to leave her one and only loving and caring best friend Katie. Both were really upset about being apart. Sarah didn't want to be stubborn to her parents because she already knows their situation, the pain they were going through. So being a good and obedient kid knowing these nothing she can do about moving out, she left her hometown and her loving best friend. She moved to a new city, a new school. School wasn't much exiting for her. She didn't really make many friends at school Sarah was really sad, depressed and so was Katie. She really wanted to meet Katie who was her best friend since childhood. After exactly one and a half years sadness and depression she misheard her father's phone call and got to hear about her childhood friend is currently staying at the same city a hers. She got happy at the fact that she can finally meet Katie. She didn't asked her parents about where she is staying or where she studying or where she study's because she knows that her dad already knew Katie was staying in their city and her father didn't informed her. But she didn't give up, she decided to find her. She did her best but she just couldn't find Katie. Later on one day when Sarah was walking in a park which was neither too far from her house has too near to her house. She

would go there whenever she feels down and the scenery in the park would just make her day. While walking she saw something shining on the ground, she took it and it was a bracelet which look quite expensive. She asked the nearby standing people if it's theirs, but she couldn't find the owner. So she decided to give it to the "Lost and Found" department of the public library nearby. After giving the bracelet to the librarian and was about to leave but she noticed something familiar so she began to examine that. She got to know it was Katis bracelet which they both had as matching bracelets. She quickly asked the librarian I gave her a piece of paper which contained the address where they found it. She stormed out after thanking and biding her goodbye to librarian. She saw an old man sitting on the bench at the park, she patiently asked the way to that address to know if she had to take taxi or just walk. Luckily it was just awaking distance she went to the address and looked at the places to find her and even knocked on some doors to ask far Kite. And the answer she got from every single was a same no. while she was about to go and knock at another person's door. She saw some girls playing with a street puppy. She wasn't sure if it's Katis but still she didn't lose her hope, she went closer to the girls, knowing some ones standing behind her she looked at Sarah. Luckily it was Katie Whom she was missing far a very long time. Both recognized each other and hugged out of joy. After sad, miserable days of not seeing each other and not speaking with each other they finally met. Far Sarah, Katie is "Lost and Found" She lost her once and she found her again.

By

Devananda Manoj

8 B

# Sri Lanka: A Country Beset by Economic Breakdown - A Review of Factors That Played Against*

Sri Lanka, a democratic country, that is situated at a strategic distance from India in the Indian Ocean region, was essentially a developing mixed economy based on agriculture, tourism and agro-based industries. Clothing, tea, rubber and gemstones were the main exports. Sri Lanka became a republic in the year 1972. From 1980s to 2009, Sri Lanka was in the grip of severe domestic disturbances because of insurrection caused by a group called Liberation Tigers of Tamil Eelam ("LTTE"), a Guerilla Group.

An otherwise peaceful mineral-rich beautiful Sri Lanka is now facing a total economic breakdown. What are the factors that led Sri Lanka into this financial debacle?

Numerous factors played its role into this mess! From Faulty Policies, Corrupt Rulers there are even factors beyond its government's control, better known as the coronavirus pandemic. And last but not the least, excessive borrowing of loans from China. China is the root cause of many problems arising in Sri Lanka right now.

*Let's first take a look at Sri Lanka's Policy:* A fundamental problem with Sri Lanka is that it *imports more than it exports; and it spends more than it earns.* There is a trade deficit and budget deficit; which I like to call it a *perfect recipe for disaster.* What was Sri Lanka's response? It was for more disastrous than the actual crisis! Instead of trying to narrow down the deficit, it expanded its debt! In fact Sri Lanka borrowed heavily from other countries and agencies such as the IMF, China etc.

The current Debt to GDP (Gross Domestic Product) ratio of Sri Lanka is a

whopping 111%; which implies it *owes more than it produces!* The Asian Development Bank (ADB) flagged this problem as early as on 2019 and warned Sri Lanka of the impending financial doom. Their statement was “The country’s national expenditure exceeds its national income, and that its production of tradable goods and services is inadequate.”

2019 was also the year where Gotabaya Rajapaksa, the current President of Sri Lanka, was campaigning for Presidential elections. Among his promises to his voters were deep tax cuts. In simpler words; “You vote me to power, and I will make sure you pay less tax.” In 18th of November, 2019, Gotabaya Rajapaksa became the President of Sri Lanka, bagging over 52% of the votes. Like the President promised, a series of drastic tax cuts followed.
Gotabaya Rajapaksa was obsessed with organic agriculture. In April 26, 2021, Gotabaya Rajapaksa banned all chemical fertilizers in Sri Lanka, without giving much thoughts. This ban went on to kill the very agricultural output of the nation. White rice is a staple in Sri Lanka; its production fell down 50% after this ban. In June 2021, Sri Lanka was forced to import rice, which had never happened in years! In July 2021, the country banned the imports of luxury goods for the lack for sufficient forex reserves. At this point the country was scrambling to save Dollars.

*The China Factor:*
*
The Rajapaksas avoided forming closer ties with India, an otherwise natural partner, and embraced China. They used bilateral debt to fund infrastructure projects, many of them were commercially unviable. In short Sri Lanka simply danced to the bidding of China and invested the borrowed-money into non-productive projects and sectors.

Do you know what is the world’s emptiest International Airport? It is the Mattala Rajapaksa International Airport, which is one of the pet-projects of Rajapaksa’s funded by their close aid, China. The Rajapaksas bet on China to drive the Lankan economy was in fact an abject surrender to the debt-trap policy of China without understanding the ramifications, impact and the consequences of the rigorous and hidden conditions attached to

Chinese loans. Finally, Sri Lanka couldn't sustain and were also unable to pay back these loans. Sri Lanka's forex-reserves even dwindled to a point it can't afford to import papers and ink that was needed for term-examinations of its school-children.

Finally, China began intervening the policy-matters of Sri Lanka and at first, they had seized the Hambantota Port from Sri Lanka for 99 years, another one of the infrastructure projects funded by Chinese because of Sri Lanka's failure to repay the loans.

Even though Sri Lanka was never good with money, it was China who ensured Colombo goes bankrupt!
*Let's take a look at Sri Lanka's Tourism sector:*
*
Sri Lanka depends on tourism for 13% of its GDP. The Easter Bombings in 2019 had scared off the Europeans who would come to holiday in the island nation. Then came the Coronavirus. When the borders closed, tourists had completely stopped from arriving. As a result, the revenue from Sri Lanka's tourism sector fell drastically. In 2019, the revenue was 7.5 billion dollars, while in 2021, the tourism-revenue was only 2.8 billion dollars.

So, the faulty-policies like deep tax-cuts, ban on chemical fertilizers that lead to a production-debacle in agricultural sector, dwindling national revenue from tourism and remittances etc. had a domino effect causing significant drain on the Sri Lankan national exchequer.

*Other Factors:*
*
The Sri Lankan Rupee had plunged 32% since the beginning of this year. Inflation is up 30.2%; meaning a coconut which previously costed 50 Lankan Rupees, now costs 91 Lankan Rupees or even more! Similarly, a kilo of onions which previously costed 80 Lankan Rupees, currently costs 158 Lankan Rupees. The cost of rice had gone up 93%, chicken had gone up 55%, and lentils 117%. Not to mention, the life of common people in Sri Lanka is all at unbearable levels.

Everything that could go wrong with a country’s economy has gone wrong with Sri Lanka’s economy. Soaring inflation, huge piles of debt, bleeding foreign reserves and tanking currency.

As of March 2022, Sri Lanka has less than 1.94 billion US Dollars. Sri Lanka has 8.6 billion dollars as debt payment due in 2022. They needed to pay around 80 million dollars as interest payments but were unable to pay it last month.

*The final factor that pushed Sri Lanka further into this crisis, is Russia’s invasion of Ukraine:*
Due to the invasion, the fuel prices have shot up. And when fuel prices go up, so does everything else. The war has made everything in every country very pricey, and it added fuel to the fire in Sri Lanka’s economic crisis.

Because of the humanitarian crisis in the country, Sri Lankans are fleeing to India. Sri Lanka is in dire need of 20 billion dollars. Where will they get this money from? Sri Lanka is hoping the IMF could help. But all money comes with strings attached. Wherever this story goes, there will be more pain in store for the people of Sri Lanka.



The bare fact, sadly is, there are no quick-fix remedy for an economic-meltdown of this epicproportion. Sri Lankans must brace for the storm ahead and first thing they should do is to elect capable and farsighted leaders who can really contribute to their stability and development.*

By Gargi Saraswathi

8 B

# *ഗർവ്വം*

ഞാനുമൊരു തളിരിലയായിരുന്നു
ഞാനൊരുപാട്ടു കാഴ്ചകൾ കണ്ടിരുന്നു
ഞാനെൻ്റെ ജീവിതം കാറ്റിനോടൊപ്പം
പാറിപ്പറത്തി രസിച്ചിരുന്നു
താഴേക്കുവീഴുമാ പാവം ഇലകളെ
ഞാനുമന്നേറെ പരിഹസിച്ചു
താഴെക്കിടന്നൊരാ കരിയിലയെന്നോടു
കേണുപറഞ്ഞതും കേട്ടില്ല ഞാൻ
തെല്ലഹങ്കാരം കുറഞ്ഞതുമില്ലെൻ്റെ
പൊൻനിറം കണ്ടെൻ്റെ ഗർവ്വുകൂടി
മെല്ലെയാചില്ലകൾ എന്നെയും കൈവിട്ടു
ഞാനാ ,കരിയിലതൻ മേലെ ചെന്നു വീണു
ഗർവ്വിനാലേറ്റം കരുത്തനെന്നോർത്തയെൻ
ഗർവ്വുകളെല്ലാം ശമിച്ചടങ്ങി
അറിയാതെ ഞാനാ കരിയിലതന്നുടെ
പാദങ്ങളിൽ വീണു മാപ്പിരന്നു

പവിത്ര സജി
8 c




## എന്റെ "മാംഗോ മെഡോസ്" യാത്ര

യാത്ര എന്നത് എല്ലാ മനുഷ്യന്റെയും ഒരു വികാരമാണ് അല്ലേ?യാത്ര നമുക്ക് സമ്പാദിച്ച തരുന്ന അനുഭവങ്ങൾ ജീവിതത്തിൽ ഒരിക്കലും മറക്കാതെ മായ്ക്കാതെ എപ്പോഴും മനസ്സിനുള്ളിലെ ഓർമ്മ പുസ്തകത്തിൽ സൂക്ഷിച്ചുവയ്ക്കാൻ കഴിയുന്ന ഒന്നാണ്.
അതുപോലെ തന്നെയാണ് യാത്ര സമ്പാദിച്ചു തരുന്ന അറിവുകളും അത് ജീവിതത്തിലെ ഓരോ പ്രതികൂല സാഹചര്യത്തെയും മറികടക്കാൻ സഹായിക്കും, അറിവില്ലാത്ത പല കാര്യങ്ങളെ കുറിച്ചും പഠിക്കാൻ കഴിയും.

എല്ലാവരെയും പോലെ തന്നെ യാത്ര ചെയ്യാൻ ഒരുപാട് ഇഷ്ടപ്പെടുന്ന ഒരാളാണ് ഞാനും.ഈ വർഷത്തെ അവധിക്കാലം

രസകരമാക്കാൻ ഞങ്ങൾ ഒരു സ്ഥലം സന്ദർശിക്കാൻ പോയി.ഞങ്ങൾ പോയത് "മാംഗോ മെഡോസ് "ലേക്ക് ആണ്.ആദ്യമായി അവിടെ ചെന്ന് ഇറങ്ങുമ്പോൾ തന്നെ എന്റെ കണ്ണുകൾ ഞാൻ ചുറ്റിനും ഒന്ന് ഓടിച്ചു. പെട്ടെന്ന് എന്റെ കണ്ണുകളെ എന്തോ ഒന്ന് ആകർഷിച്ചു.എന്റെ കണ്ണുകളെയും എന്നെയും ആകർഷിച്ചത് ഒരു ആലില ആയിരുന്നു.ഒരു ആലിലയോ എന്ന് നിങ്ങൾ ആലോചിക്കുന്നുണ്ടാകും!അത് ഒരു വലിയ സിമന്റ് ഉപയോഗിച്ചുണ്ടാക്കിയ ആലിലയാണ് എന്നെ ആകർഷിച്ചത്. അതിനടുത്തു തന്നെയുള്ള വിവിധതരത്തിലുള്ള സസ്യങ്ങളുടെ കൂട്ടങ്ങൾ ഒരു നഴ്സറിയിൽ നമുക്ക് വാങ്ങാനായി വെച്ചിരിക്കുന്നു. ആ കാഴ്ച കണ്ടപ്പോൾ തന്നെ എനിക്ക് ആ സ്ഥലം വളരെയധികം ഇഷ്ടപ്പെട്ടു. ഞങ്ങൾ അകത്തേക്ക് പ്രവേശിച്ചു.ചെല്ലുമ്പോൾ തന്നെ ആ പാർക്കിന്റെ ഭംഗിയിൽ ഞാൻ മുഴുകിപ്പോയി.ഞങ്ങൾക്ക് ഒരു ഗൈഡിനെ അവർ നിർദ്ദേശിച്ചു.എന്തിനാണ് ആ ഗൈഡ് എന്ന് ഞാൻ ആലോചിച്ചു.പിന്നീടാണ് എനിക്ക് മനസ്സിലായത് അവിടെയുള്ള മരങ്ങളുടെ പേരെല്ലാം അതിൽ എഴുതിയിട്ടുണ്ടെങ്കിലും മരത്തെക്കുറിച്ച് കൂടുതലായി അറിയാൻ ആ ഗൈഡ് ഞങ്ങളെ സഹായിച്ചു. വിവിധതരത്തിലുള്ള ഇതുവരെ കാണാത്ത കുറേ മരങ്ങളെ എനിക്ക് കാണാൻ സാധിച്ചു. രുദ്രാക്ഷം ഉണ്ടാക്കുന്ന മരം കാണാൻ സാധിച്ചു.എന്നെ ഏറെ ആകർഷിച്ചത് നീലക്കൊടുവേലി എന്ന സസ്യത്തിന്റെ സങ്കല്പമാണ്. നീലക്കൊടുവേലിയുടെ വേര് കൈയ്യിൽ പിടിച്ച് എന്തെങ്കിലും ഒരാഗ്രഹം പറഞ്ഞാൽ അത് സാധിക്കുമെന്നാണ് വിശ്വാസം.പിന്നീട് എനിക്ക് ഒരുപാട് ആകർഷണം തോന്നിയ ഒന്നാണ് ഇന്ത്യയുടെ മാപ്പ്. ഇന്ത്യയുടെ മാപ്പിനെ സിമന്റ് ഉപയോഗിച്ച് ഉണ്ടാക്കിയിട്ട് ഓരോ സംസ്ഥാനങ്ങളുടേയും സ്ഥാനത്ത് അതാത് സംസ്ഥാന വൃക്ഷങ്ങൾ നട്ടിരിക്കുന്നത് ഒരു വിചിത്ര കാഴ്ചയായിരുന്നു. പിന്നെ Valentine's ദിന സ്പെഷ്യലായി മരങ്ങൾ കൊണ്ട് പ്രതിമകൾ ഉണ്ടാക്കി വെച്ചിരിക്കുന്നു.പിന്നെ പഴശ്ശിരാജ മഴുവെറിഞ്ഞ് നിൽക്കുന്ന


ശില കല്ലുകൊണ്ട് കൊത്തിവച്ചിരിക്കുന്നത് കണ്ടു.പിന്നെ ഒരു അസ്സൽ നാടൻ ചായക്കടയിലെ നാടൻ ചായ കുടിച്ചു. പിന്നീട് പാർക്കിനുള്ളിലെ റോഡിൽ ഞങ്ങൾ സൈക്കിൾ ഓടിച്ചു. ഓരോ കാഴ്ചയും കണ്ട് രസിച്ചു കൊണ്ട് ആ സൈക്കിളും ഓടിച്ച് കുറെ നേരം ഞങ്ങൾ ചുറ്റിനടന്നു .പിന്നെ ഭക്ഷണത്തിനുശേഷം ഞങ്ങൾ ഒരു 12 D സിനിമ കണ്ടു. ട്രെയിനിൽ കൂടെയുള്ള യാത്രയായിരുന്നു സിനിമ. ട്രെയിനിന്റെ വളവിലും തിരിവിലും ഞാനും ആടിയുലഞ്ഞു.നമ്മൾ കുട്ടികളുടെ ഒരു വികാരമാണ് ഐസ്ക്രീം.ഐസ്ക്രീം കഴിച്ചു. ബോട്ടിംഗ് ചെയ്തു.ഒരുപാട് റൈഡുകളിൽ കയറി .ഇതിനിടയിൽ ഒരു കാര്യം വിട്ടു ഗൈഡ് ഞങ്ങളോട് പറഞ്ഞു "മീനൂട്ട് "എന്ന ഒരു കാര്യമുണ്ട്. അത് എന്തെന്നാൽ നാം ചെയ്ത പാപങ്ങൾ മാറാൻ മീനുകളെ ഊട്ടിയാൽ മതി എന്നൊരു സങ്കൽപമുണ്ട് എന്ന്.ഞങ്ങൾ തീറ്റ ഇടുമ്പോൾ തന്നെ ഓരോ തീറ്റയും താഴെ വീഴുമ്പോൾ തന്നെ അത് മത്സരിച്ചു കഴിക്കുന്ന മീനുകളെ കാണുമ്പോൾ തന്നെ മനസ്സ് നിറയുന്നു.എല്ലാം കഴിഞ്ഞതിനു ശേഷം സ്വിമ്മിങ് പൂളിൽ ഇറങ്ങാൻ ഞങ്ങൾ പോയി. നീന്തൽ അറിയില്ലെങ്കിലും നീന്തൽ പഠിക്കണമെന്ന ആഗ്രഹം കൊണ്ട് ഞാൻ ശ്രമിച്ചു കൊണ്ടിരുന്നു. ശ്രമം പരാജയപ്പെട്ടു.പക്ഷേ ഇനിയും ഒരു അവസരത്തിനായി ഞാൻ കാത്തിരിക്കുന്നു.

യാത്ര എനിക്ക് കുറച്ചധികം അറിവുകളും,കുറെയധികം ഓർമ്മകളും സമ്പാദിച്ചു തന്നു.പ്രകൃതിരമണീയവും ആകർഷണീയവുമായ സ്ഥലമായിരുന്നു "മാംഗോ മെഡോസ്"



**Megha Rajeev**

**8 C**




ഞങ്ങളുടെ ജീവിതത്തിൽ മറക്കാനാവാത്ത ഒരു അനുഭവമാണ് 2018 ആഗസ്റ്റിൽ ഉണ്ടായ മഹാപ്രളയം. അന്ന് ഞങ്ങൾ T G M സ്കൂളിൽ 7-ാം ക്ലാസ്സിൽ പഠിക്കുകയാണ്. August 15-ാം തീയതി ഞങ്ങൾ സ്കൂളിൽ പതാക ഉയർത്താൻ പോയി.ഒരു 11 മണിയോടു കൂടി ഞങ്ങൾ തിരിച്ചെത്തി.ഞങ്ങൾ താമസിക്കുന്നത് മൂവാറ്റുപുഴയാറിൻ്റെ തീരത്താണ്. ഒരാഴ്ച മഴ പെയ്താൽ ഞങ്ങളുടെ പറമ്പിലൊക്കെ വെള്ളം കയറും. കുറച്ചു ദിവസം കഴിയുമ്പോൾ ഇറങ്ങിപ്പോകും അതാണ് പതിവ്. ചെറിയ വെള്ളപ്പൊക്കമൊക്കെ ഞങ്ങൾ നന്നായി ആസ്വദിക്കാറുണ്ട്.അതു പോലെ ഒരു വെള്ളപ്പൊക്കമാണെന്നാണ് കരുതിയത്. ഉച്ചയോടു കൂടി വെള്ളം മുറ്റത്തേക്ക് കയറാൻ തുടങ്ങി. അപ്പോൾ ഞങ്ങൾക്ക് ഭയമായി.

ടി.വിയിലൂടെ സർക്കാർ നിർദ്ദേശം നൽകുന്നുണ്ടായിരുന്നു എല്ലാവരും വീട്ടിൽ നിന്നും ക്യാമ്പുകളിലേക്ക് പോകാൻ.വൈകുന്നേരം ആയപ്പോൾ വെള്ളം കൂടി വന്നു.

ഞങ്ങളുടെ ആൻറിയുടെ വീട് അടുത്തുണ്ട്. അത് കുറച്ച് ഉയരത്തിലാണ്. അവിടെ വെള്ളം കയറില്ല .ഞങ്ങളെല്ലാവരും അങ്ങോട്ടാണ് പോയത്.ഞങ്ങൾ ബന്ധുക്കളെല്ലാം കൂടി ഒരു പത്തിരുപത്തിയഞ്ച് ആളുകൾ ഉണ്ടായിരുന്നു അവിടെ. പിന്നെ ഞങ്ങൾക്ക് ഒരു ആഘോഷം തന്നെയായിരുന്നു. അമ്മമാർ രാവിലെ ഭക്ഷണം ഉണ്ടാക്കും. ഞങ്ങൾ കുട്ടികളെല്ലാം കളിയും കൊച്ചുവർത്തമാനമൊക്കെ പറഞ്ഞിരിക്കും. കറൻറില്ലാത്തതു കാരണം ടി.വിയൊന്നും കാണാൻ പറ്റില്ലല്ലോ. അങ്ങനെ ഒരു ദിവസം വെള്ളം കുറച്ചിറങ്ങിയപ്പോൾ ഞങ്ങൾ വീട്ടിൽ വന്നു. അപ്പോൾ ഞങ്ങൾക്ക് വളരെ സങ്കടം തോന്നി. കാരണം വീടും പറമ്പുമെല്ലാം ചെളിയിൽ മുങ്ങി കിടക്കുന്നു. August 15 ന് ഞങ്ങൾ സ്കൂളിൽ നിന്ന് വന്നല്ലോ ഞങ്ങളുടെ കൈയിലുണ്ടായിരുന്ന പതാക ഭിത്തിയിലൊട്ടിച്ചിട്ടാണ് പോയത്. അത് അവിടെ ഒരു കുഴപ്പവുമില്ലാതിരിക്കുന്നു. അത് കണ്ടപ്പോൾ ഞങ്ങൾക്ക് വളരെ സന്തോഷമായി.അങ്ങനെ ഞങ്ങൾ 8 ദിവസം ആൻറിയുടെ വീട്ടിൽ കഴിഞ്ഞു.ഈ പ്രളയം എല്ലാവരും ഒത്തുകൂടാൻ ഒരവസരമായി. പഴയ ഒരു കൂട്ടുകുടംബത്തിൻ്റെ സുഖം ഞങ്ങളറിഞ്ഞു. 9-ാം ദിവസം തിരുവോണമായിരുന്നു.ഉത്രാടത്തിൻ്അന്നു ഉച്ചയൂണും കഴിഞ്ഞ് ഞങ്ങൾ എല്ലാവരും പിരിഞ്ഞു അവരവരുടെ വീടുകളിലേക്ക് പോന്നു. പോന്നപ്പോൾ എല്ലാവർക്കും വളരെ സങ്കടമൊക്കെ ആയിരുന്നു.എന്നാലും വീടിന് വളരെ സന്തോഷമായി കാണുമല്ലോ. കാരണം പിറ്റേ ദിവസം തിരുവോണമല്ലേ. അങ്ങനെ പ്രളയം കഴിഞ്ഞു തിരുവോണമുണ്ട് ഞങ്ങൾ പഴയ ജീവിതത്തിലേക്ക് തിരികെയെത്തി.



സ്നേഹപൂർവ്വം

അഞ്ജലിക & ശ്രീനന്ദന
10 B

# ഞാനും എന്റെ* *പ്രിയപെട്ട സ്‌കൂളും*

ഹൈസ്കൂൾ കാലഘട്ടം എന്റെ ജീവിതത്തിലെ പ്രധാനപ്പെട്ട എന്നും ഓർക്കുന്ന നിമിഷങ്ങളായിരുന്നു. എട്ടാം ക്ലാസിലാണ് ഞാൻ എ ജെ ജോണിലേക്ക് വരുന്നത്. പുതിയ സ്കൂൾ പുതിയ ടീച്ചേഴ്സ് പുതിയ കൂട്ടുകാർ അങ്ങനെ എ ജെ ജോണിൽ എനിക്ക് ചുറ്റുമുള്ളതെല്ലാം പുതിയതായിരുന്നു. എന്നാൽ അവയെല്ലാം എന്റെ പ്രിയപ്പെട്ടതാ വാൻ അധികം സമയമൊന്നും വേണ്ടി വന്നില്ല. എ ജെ ജോണിലെ എന്റെ ഏറ്റവും പ്രിയപ്പെട്ട സമയം ഞാൻ സെമിനാർ മത്സരത്തിൽ പങ്കെടുക്കാൻ തയ്യാറെടുക്കുന്ന സമയമായിരുന്നു. എട്ടാം ക്ലാസ് കാലഘട്ടത്തിലെ ഒരു മുക്കാൽഭാഗവും ഞാൻ സെമിനാറിന്റെ തയ്യാറെടുപ്പിലായിരുന്നു. ഷംല ടീച്ചറായിരുന്നു സെമിനാറിൽ എപ്പോഴും എന്നോടൊപ്പം നിന്നത്. ആ ഒരു സമയം കൊണ്ട് എന്റെ ഏറ്റവും പ്രിയപ്പെട്ട അധ്യാപികയും കൂട്ടുകാരിയുമായി ടീച്ചർ മാറിയിരുന്നു. ടീച്ചർ മാത്രമല്ല എ ജെ ജോണിലെ ഓരോ ടീച്ചേഴ്സും ഒരു ടീച്ചർ എന്നതിലുപരി ഒരു നല്ല സുഹൃത്തായിരുന്നു. ആനുവൽ ഡേ പോലുള്ള എല്ലാ പരിപാടികൾക്കും ഞങ്ങളുടെ ഓരോ സന്തോഷത്തിലും ഞങ്ങളോടൊപ്പം നിൽക്കുന്നവർ... എ ജെ ജോൺ സ്കൂളിലേക്ക് എന്നെ നയിച്ച പ്രധാനപെട്ട കാരണങ്ങളിൽ ഒന്ന് s p c ആയിരുന്നു. ഓരോ s p c കേഡറ്റ്സും spc ലേക്ക് വരുന്ന സ്വഭാവത്തോടെ ആയിരിക്കില്ല തിരിച്ച് പോവുന്നത്. സമൂഹത്തോട് ഉത്തരവാദിത്തമുള്ള സഹപാഠികളോട് സ്നേഹമുള്ള പ്രകൃതിയോട് കടപ്പാടുള്ള ഒരു നല്ല മനുഷ്യനായി മാറി കാണും. സ്റ്റേജ് ഫിയർ അത്യാവശ്യം വളരെ നല്ല രീതിയിൽ ഉണ്ടായിരുന്ന എനിക്ക് അത് മാറ്റി എടുക്കാൻ s p c യിൽ പ്രവർത്തിച്ച കുറച്ച് നാൾ തന്നെ ധാരാളമായിരുന്നു.ഈ സ്കൂളിലെ എന്റെ ഏറ്റവും രസകരമായ കാര്യം ടൂർ പ്ലാനിങ് ആയിരുന്നു.8 ആം ക്ലാസ്സിൽ എത്തിയപ്പോൾ തന്നെ ഞാനും

ഫ്രണ്ട്സും ടൂർ പ്ലാനിങ് തുടങ്ങിയിരുന്നു. എല്ലാവരും ഒരുപോലത്തെ ഡ്രസ്സ് ഇടണം, ഏതൊക്കെ പാട്ട് ഇടണം, സ്റ്റോറിക്ക് ക്യാപ്ഷൻ എന്ത് കൊടുക്കണം, ആരൊക്കെ ഏതൊക്കെ റൂമിൽ ആയിരിക്കണം തുടങ്ങി 9 ആം ക്ലാസ്സിലെ ടൂറിനു വേണ്ട സകല കാര്യങ്ങളും ഞങ്ങൾ 8 ൽ തന്നെ പ്ലാൻ ചെയ്തു. സ്കൂൾ ലൈഫിലെ ആദ്യത്തെ ലോങ്ങ് ട്രിപ്പ് .അതുകൊണ്ട് തന്നെ അതിനു വേണ്ടി ഉള്ള പ്ലാനിങ് ഒന്നും ചെറുതല്ലായിരുന്നു. എന്നാൽ പ്ലാനിങ് മാത്രമേ നടന്നുള്ളൂ. കോവിഡ് കാരണം ടൂർ പോയിട്ട് ആ വർഷം സ്കൂളിൽ പോലും പോകാൻ കഴിഞ്ഞില്ല എന്നതാണ് വാസ്തവം. കഴിഞ്ഞ മൂന്ന് വർഷം എ ജെ ജോൺ എനിക്ക് സമ്മാനിച്ചത് മറക്കാനാവാത്ത ഓർമ്മകൾ ആയിരുന്നു. സ്കൂൾ കാലഘട്ടം ജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ട മനോഹരമായ നിമിഷങ്ങൾ ആണ്. കാലങ്ങൾ എത്ര കഴിഞ്ഞാലും എ ജെ ജോൺ സ്കൂളുമായുള്ള ആത്മബന്ധവും സ്കൂൾ സമ്മാനിച്ച ഓർമ്മകളുടെ തിളക്കവും ഒരിക്കലും മങ്ങില്ല...

*വാണി നന്ദന*

10 B



# നിലപാട് വ്യക്തമാക്കുക..(കവിത)



അതിർവരകൾ വരച്ച്,
കുഴികൾ വെട്ടി,
അതിൽ മൈനുകൾ നിരത്തി,
ഇടയ്ക്കൊന്ന് പൂഴിക്കടകൻ പയറ്റി,
പതുങ്ങി,
എങ്കിലും കൊമ്പ് കൂർപ്പിച്ച്,
പിന്തിരിപ്പനെന്ന് കാണിച്ച്,
തണുപ്പനെന്ന് തോന്നിപ്പിച്ച്,
ഒടുക്കം പള്ളേക്കുത്തുന്ന,
ആ ശത്രുരാജ്യനിലപാട്
കണിശം വ്യക്തമാക്കുക.

കുഴിയാനേ....

നിഷാ നാരായണൻ
അദ്ധ്യാപിക ,യു പി വിഭാഗം

മാതൃഭൂമി ,ഭാഷാപോഷിണി,മാധ്യമം,പാഠഭേദം,ദേശാഭിമാനി തുടങ്ങിയ ആനുകാലികങ്ങളിൽ എഴുതുന്നു.വിദ്യാരംഗം സംസ്ഥാന കവിതാ പുരസ്കാരം ,തിരുനല്ലൂർ കരുണാകരൻ കവിതാ പുരസ്കാരം ,അക്ഷര പെയ്ത്ത് കവിതാ പുരസ്കാരം, രാജലക്ഷ്മി കവിതാ പുരസ്കാരം എന്നിവ ലഭിച്ചിട്ടുണ്ട്.







ANJALIKA SHAJI 10 B








**ANJALIKA SHAJI 10 B**




DEVIKA SHIJI 8 C





# Ahalya Sujith 7 B





## Sanija M S

## പറക്കുന്ന അക്ഷരക്കൂട്ടം

കവിത

മരിക്കാത്ത വീണക്കമ്പികൾ ഹൃദയത്തിലേറ്റി സഞ്ചരിക്കവേ
നറുങ്ങു താളങ്ങൾ തുടികൊട്ടി അലയൊലികൾ മുഴക്കുന്ന പാതയിൽ
കളിവീടു തീർത്ത ഉല്ലാസപുഞ്ചിരിയും മരവിച്ച വേദനകളും
കനം തൂങ്ങിയാടുന്ന ചില്ലകൾതോറും
കൺ മഷി പുരട്ടിയ കൈയ്യക്ഷരങ്ങൾ
തുറന്ന വാതായനങ്ങളായിമിഴിതുറക്കുന്നു
പ്രപഞ്ച ധ്വനിയിൽ കുരുന്നു ഹൃദയങ്ങൾ നുള്ളി പ്പറിക്കുന്ന മഞ്ചാടി കുരുവിലും
നറു തൊട്ടാവാടി യിലും പുഞ്ചവയലിൽ വരമ്പത്തെ
ചെറു തത്ത കളിലും മിന്നുങ്ങുന്ന
മൊഴികൾ ക്കായി കാതോർത്തിരിക്കാം
പുത്തനുടുപ്പുകളേ നിങ്ങളുണരൂ, മിഴിതുറക്കൂ ,
വായനാ ലോകത്തെ പറക്കമുറ്റതാക്കൂ.....

ഷൈന മോൾ എസ്. എ
ഹൈസ്കൂൾ വിഭാഗം(മലയാളം അധ്യാപിക)



# വരയുടെ പൊലിമയും വാക്കിന്റെ പെരുമയും*

ഞങ്ങളുടെ സ്കൂളിലെ രണ്ട് പ്രതിഭകളെ കുറിച്ചാണ് ഈ കുറിപ്പ്.

*വരകളും വർണ്ണങ്ങളും ചേർത്തുവച്ചുകൊണ്ട് സംഗീതമൊരുക്കുന്ന ഞങ്ങളുടെ പ്രിയപ്പെട്ട കൃഷ്ണൻകുട്ടി സാർ..

*കവിതയിൽ അക്ഷര നക്ഷത്രങ്ങൾ തീർക്കുന്ന നിഷാ നാരായണൻ.

അക്ഷരാർത്ഥത്തിൽ രണ്ടുപേരും ഞങ്ങളുടെ സ്കൂളിന്റെ അഭിമാനമാണ്. സ്കൂളിന്റെ പ്രശസ്തിക്കൊപ്പം കുട്ടികളുടെ കഴിവുകൾക്കും ഇടമൊരുക്കുന്ന രണ്ടാളും..

*കൃഷ്ണൻകുട്ടി സാർ*

മാവേലിക്കര ഫൈൻ ആർട്ട്സ് കോളജിൽനിന്നും ചിത്രകലയിൽ ബിരുദം നേടിയ സർ മികച്ച ഒരു കലാ അധ്യാപകനായി സേവനം തുടങ്ങിയിട്ട് വർഷങ്ങൾ ഏറെയായി. പെൻസിൽ ഡ്രോയിങ്, വാട്ടർ കളർ , ഓയിൽ പെയിന്റിംഗ് തുടങ്ങിയ സങ്കേതങ്ങൾ എല്ലാം സാറിന്റെ കയ്യിൽ ഭദ്രം. ചുവർ ചിത്രങ്ങളിലും സാറിന്റെ പ്രാഗൽഭ്യം അദ്വിതീയമാണ്. നല്ലൊരു കാർട്ടൂണിസ്റ്റും കൂടിയാണ് സർ.

*സ്കൂൾ ലൈബ്രറിയും* *കൃഷ്ണൻകുട്ടി സാറും*

സ്കൂൾ ലൈബ്രറിയിലെ ചിത്രങ്ങൾ മാത്രം മതി കൃഷ്ണൻകുട്ടി സാറിന്റെ പ്രതിഭയ്ക്ക് തെളിവായി. സാഹിത്യത്തിലെ പ്രതിഭകൾക്കൊപ്പം പ്രശസ്തമായ കൃതികളിലെ കഥാസന്ദർഭങ്ങളും സാറിന്റെ വരകൾ കൊണ്ട് സമ്പുഷ്ടമായി. മലയാള സാഹിത്യത്തിലെ മാത്രമല്ല ലോകസാഹിത്യത്തിലെ എഴുത്തുകാർക്കൊപ്പം അവരുടെ കൃതികളിലെ സവിശേഷ സന്ദർഭങ്ങളും ചുവരുകളിൽ ചിത്രങ്ങളായി. പേപ്പറുകളിൽ അതിവേഗം സ്കെച്ച് ഇടുകയും അവ ചുവരികളിലേക്ക് ഏറെ തന്മയത്വത്തോടെ ഇടം പിടിക്കുന്നതും

ആസ്വാദകർക്ക് നവ്യാനുഭവമാണ്.
റീഡിങ് റൂമിലെ ഒരു ചുവർ മുഴുവനും ബഷീർ കഥാപാത്രങ്ങളെ കൊണ്ട് നിറയുന്നത് അത്ഭുതാദരങ്ങളോടെയാണ്ഞങ്ങൾ സഹാധ്യാപകർ കണ്ടു നിന്നത്. ഒറ്റക്കണ്ണൻ പോക്കർക്കൊപ്പം മണ്ടൻ മുത്തപ്പയും ആനവാരി രാമൻനായരും പൊൻകുരിശു തോമയും സാറാമ്മയും കേശവൻ നായരും കുഞ്ഞുപാത്തുമ്മയും നിസാർ അഹമ്മദും മജീദും സുഹറയും എത്രവേഗമാണെന്നോ ചുവരുകളിൽ നിരന്നത്. അതോടൊപ്പം വൈക്കത്തിന്റെ സാംസ്കാരിക,സാഹിത്യ, ചരിത്ര, രാഷ്ട്രീയ സന്ദർഭങ്ങൾ അനാവരണം ചെയ്യുന്ന ചുവരും സ്കൂൾ ലൈബ്രറിക്ക് ഗരിമ നൽകുന്നു.
ചങ്ങമ്പുഴയുടെ വാഴക്കുല യും,ഇടശ്ശേരിയുടെ പൂതപ്പാട്ടും, ബെന്യാമിന്റെ ആടുജീവിതവും, ചിത്രങ്ങളായി ചുവരിൽ നിറയുന്നു. ഉറൂബിന്റെ ഉമ്മാച്ചു, എം ടിയുടെ രണ്ടാമൂഴം, എം മുകുന്ദന്റെ മയ്യഴിപ്പുഴയുടെ തീരങ്ങളിൽ, ദൈവത്തിന്റെ വികൃതികൾ തുടങ്ങിയ കൃതികളിലെ കഥാപാത്രങ്ങളും കഥാസന്ദർഭങ്ങളും വായനക്കാരുടെ മനസ്സിൽ നിന്ന് ചുവരികളിലേക്ക് ഇറങ്ങി വന്ന കാഴ്ചാനുഭവമാണ് സാറിന്റെ ചിത്രങ്ങൾ പങ്കുവയ്ക്കുന്നത്. ഏറ്റെടുക്കുന്ന ജോലി ഒരു ആവേശം പോലെ കൊണ്ടുനടക്കുകയും പൂർത്തീകരിക്കാൻ രാപ്പകൽ അധ്വാനിക്കുകയും ചെയ്യുന്ന ഒരു വലിയ മനസ്സിനെയാണ് ലൈബ്രറി ചുവരുകളുടെ ചിത്രീകരണത്തിൽ ഞങ്ങൾ അധ്യാപകർ കണ്ടത്. കോവിഡിനെയും പെരുമഴയെയും അവഗണിച്ചുകൊണ്ട് 40 ദിവസത്തിലധികം രാവിലെ എട്ട് മണി മുതൽ രാത്രി എട്ടു മണി വരെയോളം പല ദിവസങ്ങളിലും സാറിന്റെ വരകൾ നീണ്ടുനിന്നു. ഓരോ വരയും സർ ആസ്വദിച്ചാണ് ചെയ്തത്.
സംസ്ഥാനമൊട്ടാകെ ചർച്ച ചെയ്യപ്പെട്ട, വിജ്ഞാനപ്രദവും മനോഹരവുമായി ഒരുക്കപ്പെട്ട ഒരുറീഡിംഗ് റൂമും ലൈബ്രറിയും എ ജെ ജോൺ സ്കൂളിന് സ്വന്തമായത് ഈ ചിത്രകാരൻറെ നേതൃത്വ ഗുണവും

പ്രതിഭയും ഒന്നുകൊണ്ട് മാത്രം. സുഹൃത്തായ ബഷീർ ഹുസൈൻ, ശരത്, അജിത് കുമാർ എന്നിവരുടെ സേവനങ്ങളെ ചേർത്തുപിടിച്ചുകൊണ്ട് സ്കൂളിനെ പ്രശസ്തിയിലേക്ക് ഉയർത്താൻ കൃഷ്ണൻകുട്ടി സാർ നിർവഹിച്ച പങ്ക് അനന്യ സാധാരണമാണ്. മഹാപ്രതിഭയുടെ ഉലികയ്ക്ക് മുന്നിൽ ഞങ്ങൾ സഹപ്രവർത്തകരുടെയും വിദ്യാർത്ഥികളുടെയും പ്രണാമം......

*നിഷാ നാരായണൻ*

വാക്കുകൾ കൊണ്ട് വിസ്മയം തീർക്കുന്ന ഞങ്ങളുടെ എഴുത്തുകാരി. 'പ്രസാധകരില്ലാത്ത കവിതകൾ എന്ന സമാഹാരത്തോടൊപ്പം ഖലീൽ ജിബ്രാന്റെ 'പ്രവാചകൻ 'എന്ന കൃതിയുടെ മൊഴിമാറ്റവും പ്രസിദ്ധീകരിക്കുകയുണ്ടായി.

മലയാളം ഇംഗ്ലീഷ്,ഹിന്ദി തുടങ്ങിയ ഭാഷകൾ എല്ലാം നിഷയ്ക്ക് എഴുത്തിന്റെ പുതിയ ലോകങ്ങൾ തുറന്നു കൊടുക്കുന്നു. ഹിന്ദിയിൽ നിന്നും ഇംഗ്ലീഷിൽ നിന്നും നിരവധി കവിതകൾ മലയാളത്തിലേക്ക് വിവർത്തനം ചെയ്യുന്നു. മാതൃഭൂമി,മാധ്യമം, കലാകൗമുദി, ഭാഷാപോഷിണി തുടങ്ങി നിരവധി ആനുകാലികങ്ങളിൽ കവിതകൾ പ്രസിദ്ധീകൃതമാകുന്നു. നവ മാധ്യമങ്ങളിലെ ചർച്ചകളിലും സെമിനാറുകളിലും കവിത അവതരണങ്ങളിലും സജീവം. ഒരേസമയം കവിതയിൽ താളാത്മകത നിലനിർത്തിക്കൊണ്ടും ,

കവിതയുടെ ഭാഷയിലും, ആഖ്യാനത്തിലും പുതു പരീക്ഷണങ്ങൾ ആവിഷ്കരിച്ചുകൊണ്ടും നിഷയുടെ കവിതകൾ തന്റേതായ ഇടം കണ്ടെത്തുന്നു.

തനിക്ക് പറയാനുള്ളത് നിർഭയമായി കവിതയിൽ ആവിഷ്കരിക്കുന്ന നിഷക്ക് സ്വത്വവിളംബരംകൂടിയാണ് കവിത...

ഒരു കവി എന്ന നിലയിൽ മാത്രമല്ല നല്ലൊരു സംഘാടകയും മികച്ച അധ്യാപികയും കൂടിയാണ് നിഷ. തന്റെ വിദ്യാർത്ഥികൾക്ക് വേണ്ടി, അവരുടെ കഴിവുകൾക്ക് അവസരമൊരുക്കുക വഴി അവരുടെ സർഗ്ഗാത്മകതക്ക് നിരവധി വേദികൾ ഒരുക്കുന്ന നിഷ. സ്കൂൾ ചാനലായ പറക്കത്തിലൂടെ വ്യത്യസ്തവും നൂതനവുമായ പരിപാടികൾ ആവിഷ്കരിക്കുന്നതിന് നിഷ എന്നും മുന്നിലുണ്ട്. തന്റെ പ്രതിഭയെ മാത്രമല്ല തന്റെ വിശാലമായ സാഹിത്യ സൗഹൃദങ്ങളിലൂടെയും കുട്ടികളുടെ സർഗാത്മക തക്ക് പ്രചോദനമേകാൻ നിഷ ടീച്ചർ എന്നും തയ്യാറാണ്. സ്കൂൾ ലൈബ്രറി ആധാരമാക്കി പ്രവർത്തിക്കുന്ന ഫിലിം ക്ലബ്ബിന്റെ കൺവീനർ എന്ന നിലയിലും മികച്ച അവസരങ്ങൾ കുഞ്ഞുങ്ങൾക്ക് ലഭിക്കുന്നത് നിഷ ടീച്ചറിന്റെ ആത്മാർത്ഥമായ പ്രവർത്തനങ്ങൾ കൊണ്ടാണ്. എ ജെ ജോൺ സ്കൂളിന്റെ പ്രശസ്തി സംസ്ഥാനമൊട്ടാകെ വ്യാപിപ്പിക്കാൻ നിഷ ടീച്ചറിന് ഇനിയുമിനിയും കഴിയട്ടെ എന്ന് ആശംസിച്ചു കൊണ്ട് കാവ്യ പ്രതിഭക്ക് മുന്നിൽ എ ജെ ജോൺ കുടുംബത്തിന്റെ പ്രണാമം.....



*ഡോ.യു.ഷംല*

ഹൈസ്കൂൾ വിഭാഗം(മലയാളം അധ്യാപിക)

# I RETURNED TO THE RIVER TODAY

I returned to the river today
The green trees are covering the river
The dark blue sky, the dark blue water
I missed this view for a long

Fishes are jumping and enjoying their life
Snakes are playing with the water
I wish I can go deep in the water and
Swim with them and feel the water

Birds are catching fishes for their babies
And flying back to their nest
The wind is blowing that make my hair messy
I feel like I am flying on the sky

My eyes are bless to see this view
My mind is feeling the nature
My heart is beating so fast
My happiness is uncountable

The clouds are hiding the sun
The frogs are crying for the rain
I am standing here for
Feeling the cold drop of the rain water

The drop of the rain water
Fell on my cheeks
The cold touch give me shiverings
Now the rain drops are all over my body

The sky is getting dark
The frog are gone
The snakes are gone
Now all are gone
How can I say bye to this River
How can I say bye to this river
My eyes are filling with my tears
To say bye to this heaven



Aleena T Biju 7 B

# The though of a nest

Once upon a time there was a girl whose name was Hazel. She lived with her mother. When she was young, she lost her father in an accident. She was really bad at studying. She won't listern to her teachers. She always play with her phone. Her mom always scold her but no changes.

She don't have any Friends or siblings. She don't know that there is a world outside. Hazel waked up on 9:00 am and she goes school late. After she reaches her house, she starts using her mobile without even changing her dress. She slept at 1 am. Her mother contacted a doctor and she still plays with her phone. Her mother always pray for her every second to stop her addiction towards mobile.

One day she went to a wedding party. After a while, she started taking some photos of rivers. Suddenly, she tripped and her mobile slipped to a river. She started to cry. People started a crowd around her. Her mother ran to her and hug and told her "don't cry baby!, I will buy you a new phone". After that incident, they went home. she changed her dress and went to the kitchen to help her mom. She was getting bored, so she went to sleep. Next morning, she woke early in the morning. She rubbed her eyes and looked out of the window. she heard some bird's sound she had never seen birds before. "How beautiful are they!! she said. She started observing the birds. She saw the birds collecting coconut fibres and sticks and making something in the tree. She wondered what they were making it there. She asked her mom why the birds are picking coconut fibres. she describe about birds and their nest. After few days, she saw some eggs in nest. And after few more days, she heard some baby birds' sound. She looked out of her window and found some baby birds who don't have feathers. she though that the mother bird is trying to kill her babies. So she planned to take the birds and take care of them. the next day, she got an opportunity to take the baby birds, so she open her windows and tried to take the babies, but she saw mother bird coming and feeding them worms with her beak. she thought about her mother feeding her with her hand. she started to cry. she told sorry to her mom for ignoring her. she told her mom about the birds and their nest. they both observe the birds and they became friends with birds. Next day she open her window but she didn't see any birds. she called her mom and show her. The birds flew away, so she started to cry but everyday the birds came to see her. she was so happy with that

Aleena T Biju 7 B

# SHE

As far, the world revolving and the stars shining, she believed everything happens for a reason. But she never believed in testing for a while. Yes, the stars never whispered her name, her future. She grated her own fate with her starving hands, pulling and pushing and molding her life, leaving smudges and dirty fingerprints all over at once clean soul.

Her mistakes and her lessons only to her. But, the stars never mapped out a path for her to follow, never planned her downfalls, her trimphs.

Tragedies was always found on the things she loved. But, she found a beauty in losing something that means the words to her, else she think low terrible it will be to leave for them. Beyond her way, Beyond her life, Beyond her journey,

She found the same cosmic minds that can touch her soul and her heart. Thus, Miracles always found a way in her life. That made her to live in the mysteries.

Also she was quiet because she believed in God. As per the Bible speaks,

"She's a warrior and she believed her prayers can move mountains".

In faith of hope,

When everyone want to see her as a lamb she waved her hangs and become a wolf.

"She take their pains and inject it in her veins". She breathe in their eight as,

She can live, live and live. Thus, Destiny found no other way than holding her hands with her hopes. But on her path, She realized everything can replace, more than superficial in this world's. That, She was lived in her awkward life dictionary.

Ann Benny
9 C

# We Leave Places Behind

We leave places behind
We leave peoples behind
We leave memories behind
Take me back to those good all days again

I always wanted to go place...
That will gave me beautiful memories
But most of the time
I got stuck at a place that gave me worst memories

We have to leave places behind
But don't leave your memories behind
At some point you have to let go and move on
It might be the hardest thing in the world to do.....

Noufiamol K B

9 B

# അമ്മ

നന്മ മരമാണെന്നമ്മ
നേർവഴി കാട്ടി നയിക്കുമെന്നമ്മ
നന്മകൾ മാത്രം കാംക്ഷിക്കുമെന്നമ്മ
മക്കൾക്കായ് ജീവിതം ഹോമിച്ചൊരമ്മ
എന്നുമെന്നുയർച്ചക്കായി കാതോർക്കുമെന്നമ്മ
എൻ കണ്ഠമിടറിയാൽ തൽക്ഷണം തൊട്ടറിയുമെന്നമ്മ വേദനിച്ചാലാദ്യം
ആശ്വാസ വചനത്താൽ മനസ്സെ തണുപ്പിച്ച് മാറോടൊ ചേർത്തു
പിടിച്ചുമ്മ നൽകുമെന്നമ്മ
ഊണിലുമുറത്തിലുമെല്ലായ്പ്പോഴും
മക്കളാം നമ്മുടെ സന്തോഷം
കാംക്ഷിക്കുന്നൊരു പാവമാണമ്മ
വറ്റാത്ത സ്നേഹത്തിന്നുവായായെന്നും
പുഴയായൊഴുകുന്ന നാദം അമ്മ
ഞാനൊന്നു വൈകിയാൽ ഉമ്മറത്തിണ്ണയിൽ നിന്ന് പരിഭ്രാന്തിയായി
തിരയുമെന്നമ്മ

By
Resmina Noor
8 B

# PRIDE OF A J JOHN



എ ജെ ജോൺ സ്കൂളിലെ പി എച്ച് ഡി ബിരുദധാരികൾ

ഡോ.യു ഷംല (H S T Malayalam),ഡോ.രാജിമോൾ സി ആർ (H S T Hindi),ഡോ.ധന്യ(U P S T)

## ചിത്രരചനയിൽ സംസ്ഥാനതല പ്രതിഭ



കോഴിക്കോട് വച്ച് നടന്ന അധ്യാപക കലോത്സവത്തിൽ കാർട്ടൂണിൽ സെക്കൻഡ് നേടിയ കൃഷ്ണൻകുട്ടി സാർ

## 2021-22 അദ്ധ്യയന വർഷത്തിൽ കോട്ടയം ജില്ലയിലെ മികച്ച C P O (Community Police Officer ) ആയി തിരഞ്ഞെടുക്കപ്പെട്ട ശ്രീമതി ഉഷാകുമാരി പി കെ(S P C in charge)






## സാഹിത്യ പഠനങ്ങളിലൂടെ ശ്രദ്ധേയയായ ഡോ.യു ഷംല




## വാക്കുകൾ വിസ്മയങ്ങളാക്കുന്ന കവയിത്രി നിഷ നാരായണൻ






## വിക്ടേഴ്സ് ചാനൽ ക്ലാസ്സിൽ ഡോ. യു ഷംല




## വിക്ടേഴ്സ് ചാനൽ ക്ലാസ്സുകളിൽ നമ്മുടെ കുട്ടികളുടെ സാന്നിധ്യം






ANJALIKA SHAJI

AMINA MEHAJABEEN

# പ്രചോദനമാകുന്ന പ്രതിഭകൾ

നമ്മുടെ സ്കൂളിൽ എന്നും തങ്കലിപികളാൽ എഴുതപ്പെടേണ്ട ചരിത്ര നേട്ടങ്ങളിലൊന്നാണ് ഇന്ന് നമ്മുടെ വിദ്യാർഥിനി ആൻ മരിയ കരസ്ഥമാക്കിയിരിക്കുന്നത്.ഏഴാം ക്ലാസ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെ നമ്മുടെ സ്കൂളിൽ പഠിച്ച് സ്കൂളിൻ്റെ ചരിത്രത്തിലെ ഏറ്റവും ഉയർന്ന മാർക്ക് വാങ്ങി പ്ലസ് ടു പാസായി ഏത് വിദ്യാർഥിയുടെയും സ്വപ്നമായ നീറ്റ് ആദ്യ ശ്രമത്തിൽ തന്നെ നേടി മധുരെ എയിംസിൽ MBBS അഡ്മിഷൻ നേടിയ ആൻമരിയ. പ്ലസ് ടു പഠനത്തോടൊപ്പം N E E T തയ്യാറെടുപ്പ് നടത്തി ആദ്യ ശ്രമത്തിൽ തന്നെ MBBS നേടിയെടുത്ത ആൻമരിയ എന്ന കഠിനാധ്വാനിയായ പ്രതിഭയ്ക്ക് ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ











## U S S & L S S SCHOLARSHIP WINNERS 2022



**PARVATHY S PILLAI, ANIT SAJI, ALFIDA P S, ARDRA SANTHOSH, ASWINI C A (U S S) BINI MARIA BABU (L S S)**






**അറബിക് കാലിഗ്രാഫിയിൽ ഇന്ത്യ ബുക്ക് ഓഫ് റെക്കോർഡ് നേടിയ  അൽഫിയ നജീബ് (10 B)**



**തൃശ്ശൂരിൽ വച്ച് നടന്ന കരാട്ടെ സ്റ്റേറ്റ്തല മത്സരത്തിൽ ഫൈറ്റിംഗിൽ വിജയം നേടി നാഷണൽ ലെവലിലേക്ക് മത്സരിക്കാൻ യോഗ്യത നേടിയ പാർവ്വതി അജിത്ത് (10 B)**




**' അമ്മയും ദൈവവും' എന്ന വിഷയത്തിൽ നടന്ന"ഓർമ്മ"രാജ്യാന്തര പ്രസംഗ മത്സരത്തിൽ മൂന്നാം സ്ഥാനം നേടിയ അൽഫിദ പി.എസ്. (9 B)**

# SCHOOL ACTIVITIES

# STUDENT POLICE CADET












**Kailash Satyarthi Children's Foundation നടത്തിയ "Constitution day 2021 "യുമായി ബന്ധപ്പെട്ട നടത്തിയ Virtual Quiz മത്സരത്തിൽ കോട്ടയം ജില്ലയിൽ നിന്നും ഒന്നാം സ്ഥാനം ലഭിച്ച എസ് പി സി ജൂനിയർ കേഡറ്റ് പാർവ്വതി എസ് പിള്ള H M ൽ നിന്നും സർട്ടിഫിക്കറ്റ് ഏറ്റുവാങ്ങുന്നു.**





# LITTLE KITES







# RED CROSS



# SCHOOL LIBRARY



# COMPUTER LAB



# GAME CLUB



# FILM CLUB



# Cover page designed by



# Anjalika Shaji and Sreenanda P S

